കേരള സർക്കാർ

# ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്
# 2015-16
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇ.കെ.എം(പി.11)1913/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി : 07.12.2016

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തിലെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2 ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.-ഇ.കെ.എം(പി.11)1913/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

തീയതി : 07.12.2016

## എറണാകുളം ജില്ലയിലെ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളംജില്ലയിലെ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16.06.2015 മുതൽ 22.10.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭിച്ച മറുപടികൾ പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഡി.സുരേഷ്രാജു,ഡെപ്യൂട്ടിഡയറക്ടർ(ഹ.ഗ്രേ.) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.10.2016 മുതൽ 01.11.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ഷേർളി പീറ്റർ<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.കവിതാദേവി<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എം.എസ് .ഗോപകുമാർ,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി .ആർ. പുഷ്പ,സീനിയർ ഗ്രേഡ് ഓഡിറ്റർ |

ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ശ്രീദേവി മധു, | 01.04.2015മുതൽ18.11.2015വരെ |
| | ശ്രീ.പി.ആർ.രാജേഷ് | 19.11.2015മുതൽ31.03.2016വരെ |

| | | |
|---|---|---|
| സെക്രട്ടറി | മരിയ ഗൊരേത്തി | 01.04.2015മുതൽ21.7.2015വരെ |

| | | |
|---|---|---|
| | കെ.എം.അബ്ദുൾ ജലീൽ (സെക്രട്ടറി-ഇൻ-ചാർജ്) | 22.07.2015മുതൽ26.07.2015വരെ |
| | ടി.എൻ മോഹൻകുമാർ | 27.7.15മുതൽ31.3.2016വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | കെ.എം. അബ്ദുൾ ജലീൽ | 01.04.2015മുതൽ31.03.2016വരെ |
| വി.ഇ.ഒ. (ദേശം) | മനോജ് കുമാർ.എം | 01.04.2015മുതൽ31.03.2016വരെ |
| വി.ഇ.ഒ. (ചെങ്ങമനാട്) | സാബിക് ടി.എസ് | 01.04.2015മുതൽ31.03.2016വരെ |
| കൃഷി ഓഫീസർ | ചിത്രാ കെ.പിള്ള | 01.04.2015മുതൽ03.6.2015വരെ |
| | സുധകുമാരി എ.എസ് | 04.6.2015മുതൽ31.03.2016വരെ |
| ഐ.സി. ഡി.എസ്. സൂപ്പർ വൈസർ | ലൈസ. പി.ആർ | 01.04.2015മുതൽ31.03.2016വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | സജ്ന കെ.എസ് | 01.04.2015മുതൽ23.5.2015വരെ |
| | മിനിമോൾ പി.വി | 28.05.2015മുതൽ31.03.2016വരെ |
| വെറ്ററിനറി സർജൻ | ഡോ. ജെറിൻ ഫ്രാൻസിസ് | 01.04.2015മുതൽ31.03.2016വരെ |
| മെഡിക്കൽഓഫീസർ (CHC) | ഡോ. പി.ടി.എലിസബത്ത് | 01.04.2015മുതൽ31.03.2016വരെ |
| മെഡിക്കൽഓഫീസർ (ആയുർവേദം) | ഡോ. എസ്. സെറിൻ | 01.04.2015മുതൽ31.03.2016വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ഉമ്മു ഹബീബ | 01.04.2015മുതൽ31.03.2016വരെ |
| ചീഫ് മെഡിക്കൽ ഓഫീസർ, നെടുമ്പാശ്ശേരി | ഡോ. ലതാ. എ.ജി. | 01.04.2015മുതൽ31.03.2016വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ. | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം. | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-11 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 |

| | | |
|---|---|---|
| | ഭാഗം - 2 | |
| 13 | തനത് വരുമാന വർദ്ധനവിനായി സേവനനികുതി ഈടാക്കാവുന്നതാണ് | 2-1 |
| | ഭാഗം - 3 | |
| 14 | ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്-ഇ-സാക്ഷരത-പ്രവർത്തനം-പ്രൊജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല. | 3-1 |
| 15 | ചെങ്കൽത്തോട് പുനരുദ്ധാരണം-കൈയ്യേറ്റങ്ങൾ ഒഴിവാക്കാൻ നടപടി വേണം | 3-2 |
| 16 | സി.പി.ഡബ്ലിയു.ഡി. സ്പെസിഫിക്കേഷനില്ലാത്ത പ്രവൃത്തിയിനം. | 3-3 |
| 17 | മെഡിക്കൽ ഉപകരണങ്ങളുടെ വാങ്ങൽ – അപാകതകൾ – ചെലവ് തടസ്സപ്പെടുത്തുന്നു | 3-4 |
| 18 | ഹോമിയോ മരുന്ന് ലഭ്യമാക്കിയിട്ടില്ല – ചെലവ് തടസ്സപ്പെടുത്തുന്നു | 3-5 |
| 19 | വി.ഇ.ഒ മാർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 3-6 |
| | ഭാഗം – 4 | |
| 20 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 21 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 22 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 23 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 24 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 25 | ഓഡിറ്റ് റിക്കവറി | 4-6 |
| 26 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 27 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 28 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 29 | ഓഡിറ്റ് സർട്ടിഫിക്കറ്റ് (2015-16) | അനുബന്ധം1 |
| 30 | ബാലൻസ് ഷീറ്റ് (2015-16) | അനുബന്ധം2 |
| 31 | റസീപ്റ്റ് ആൻഡ് പേയ്മെന്റ് (2015-16) | അനുബന്ധം3 |
| 32 | ഇൻകം ആൻഡ് എക്സ് പെന്റിച്ചർ (2015-16) | അനുബന്ധം4 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 26.03.2015 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | ബജറ്റ് പ്രകാരം | അക്കൗണ്ടസ് പ്രകാരം | വ്യത്യാസം |
|---|---|---|---|
| വരവ് | 12,69,03,121 | 4,47,80,589 | 8,21,22,532 |

| | | | |
|---|---|---|---|
| ചെലവ് | 12,27,86,750 | 5,59,11,921 | 6,68,74,829 |

ബജറ്റിലെ പ്രതീക്ഷിത വരവു ചെലവുകളും, വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവു ചെലവുകളും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു. ഇതിന് കാരണം ക്ഷേമപെൻഷനുകളും, തൊഴിലുറപ്പ് പദ്ധതിയുടെ EFMS വരവ്-ചെലവും വാർഷിക ധനകാര്യ പത്രികയിലെ തൻവർഷ വരവ്-ചെലവ് കണക്കിൽ ഉൾപ്പെടുന്നില്ലായെന്നതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2016 | 07.05.2016 | ഇല്ല | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 24.10.2016 | അക്കൗണ്ട്സ് പരിശോധന ഓഡിറ്റിനൊപ്പം നടത്തിയിട്ടുണ്ട്, അപാകതകളില്ല. ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവയും അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 2,95,41,452 |
| വരവ് | 4,47,80,589 |
| ആകെ | 7,43,22,041 |
| ചെലവ് | 5,59,11,921 |
| നീക്കിബാക്കി | 1,84,10,120 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 31,48,419 | 1,75,000 (Block Share) | 1,02,34,086 (OB+ Transfer Credit+ Block Share) | 10234086 | 6910667 | 0 |
| വികസനഫണ്ട് (എസ്.സി.പി) | 3124499 | 30,52,081 | 61,76,580 | 61,76,580 | 19,07,810 | 0 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 19,62,010 | 83,63,309 | 10325319 | 10325319 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 14,55,458 | 20,46,336 | 3501794 | 3501794 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 21,55,026 | 67,15,806 | 88,70,832 | 88,70,832 | 28,13,669 | 0 |
| ലോക ബാങ്ക് സഹായം | 33,34,924 | 20,97,729 | 54,32,653 | 54,32,653 | 21,89,188 | 0 |
| MGNREGS | 0 | 9845171 | 9845171 | 9839688 | 0 | 5483 |
| ബി ഫണ്ട് | 0 | 28740194 | 28740194 | 28740194 | 0 | 0 |

21.11.2015-ൽ എസ്.സി.പി, ധനകാര്യകമ്മീഷൻ അവാർഡ്,ലോകബാങ്ക് വിപിതം എന്നീ ഇനങ്ങളിൽ ബാക്കിനിന്നിരുന്ന യഥാക്രമം 19,07,810/-, 28,13,669/-, 21,89,188എന്നിവയുടെ ആകെ തുകയായ 69,10,667/- രൂപ വികസനഫണ്ട് (ജനറൽ) അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു. 31.03.2016-ൽ ഈ അക്കൗണ്ടുകളുടെയെല്ലാം നീക്കിബാക്കി ഇല്ലാതാവുകയും ചെയ്തിട്ടുണ്ട്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 206 | 5,99,67,277 | 170 | 4,14,87,093 | 27 | 9 | 83% |

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ മൊത്തം അടങ്കലിന്റെ 43%-ഉം, അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ മൊത്തം അടങ്കലിന്റെ 54%-ഉം മാത്രമേ ചെലവഴിച്ചിട്ടുള്ളൂ എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. നടപ്പാക്കാതെ ഉപേക്ഷിക്കപ്പെട്ട പ്രൊജക്ടുകളിൽ പൊതുശ്മശാനം (പ്രൊ.നം.47/16), അറവുശാല (പ്രൊ.നം.48/16) എന്നിവയുടെ നിർമ്മാണത്തിന് സ്ഥലം കണ്ടെത്തൽ എന്നീ പദ്ധതികൾ കൂടിയുണ്ടായിരുന്നു. ഈ രണ്ട് പദ്ധതികളും നടപ്പിലാക്കാതെ ഉപേക്ഷിച്ചത് പഞ്ചായത്തിന്റെ അനിവാര്യചുമതലകൾ നിർവ്വഹിക്കുന്നതിൽ ഉണ്ടായ അലംഭാവമായി കണക്കാക്കുന്നു.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 28.1 % വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 80,52,570 | 85,95,702 | (+) 5,43,132 | (+)67.45% |
| നികുതിയേതര വരവുകൾ | 10,26,440 | 29,75,318 | (+)19,48,878 | (+)189.87% |
| മറ്റുവരവുകൾ | 49,479 | 1,22,322 | (+) 72,843 | (+)147% |
| ആകെ | 91,28,489 | 1,16,93,342 | (+)25,64,853 | (+) 28.1% |

പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ കൈവരിക്കാൻ കഴിഞ്ഞ ഗണ്യമായ വളർച്ച വരും വർഷങ്ങളിലും നിലനിർത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 77760 | 45 |
| കർഷകതൊഴിലാളി പെൻഷൻ | 41,94,930 | 461 |
| വിധവാപെൻഷൻ | 1,09,62,720 | 1049 |
| വാർദ്ധക്യകാലപെൻഷൻ | 96,56,640 | 1334 |
| വികലാംഗപെൻഷൻ | 32,16,350 | 293 |

ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (DBT) സിസ്റ്റം വഴിയാണ് തൊഴിൽ രഹിത വേതനം ഒഴിച്ച് മറ്റ് ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നത്.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങളെ സംബന്ധിച്ചുള്ള പരിശോധനയിൽ താഴെപ്പറയുന്നവ ശ്രദ്ധയിൽപ്പെട്ടു.

ഫ്രണ്ട് ഓഫീസ്. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകൾ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ട് .

പേഴ്സണൽ രജിസ്റ്റർ : തപാലുകൾ ലഭിക്കുന്നത് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഓഫീസ് മീറ്റിംഗ് മിനുട്സ് ബുക്ക് : ജീവനക്കാരുടെ യോഗം വിളിച്ചുകൂട്ടുന്നുണ്ട്.യോഗ തീരുമാനങ്ങൾ/അഭിപ്രായങ്ങൾ മിനുട്സ് ബുക്കിൽ എഴുതിച്ചേർക്കേണ്ടതാണ്.

ഗ്രാമസഭ: ഗ്രാമസഭകൾ കൃത്യമായ കാലയളവിൽ ചേരുന്നുണ്ട്.ഗ്രാമസഭകളിൽ പരമാവധി ജനപങ്കാളിത്തവും ചർച്ചകളും ഉറപ്പുവരുത്തുന്നുണ്ട്.

രജിസ്ററുകളുടെ സൂക്ഷിപ്പ് : ഡിമാന്റ് രജിസ്റ്ററുകൾ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിററ് രജിസ്റ്റർ, , ആസ്തി രജിസ്ററർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. പൊതുടാപ്പുകളുടെ വിശദാംശങ്ങൾ ഉള്ള രജിസ്റ്റർ, തെരുവുവിളക്കുകളുടെ രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്.

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.10.2016 ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 83,718/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| തൊഴിൽ കാർഡ് നല്കപ്പെട്ടവർ | | | | തൊഴിൽ ആവശ്യപ്പെട്ടവരുടെ എണ്ണം | തൊഴിൽ നല്കപ്പെട്ടവരുടെ എണ്ണം | സൃഷ്ടിക്കപ്പെട്ട തൊഴിൽദിനങ്ങൾ | | | | 100 ദിവസം തൊഴിൽ ലഭിച്ചവർ |
|---|---|---|---|---|---|---|---|---|---|---|
| SC | ST | GEN | Total | | | SC | ST | GEN | Total | |
| 457 | 1 | 1477 | 1935 | 614 | 603 | 9118 | 0 | 30993 | 40111 | 127 |

| | |
|---|---|
| സാങ്കേതികാനുമതി ലഭിച്ച ആകെ പ്രവൃത്തികൾ | 181 |
| പൂർത്തീകരിച്ച ആകെ പ്രവൃത്തികൾ | 174 |

പൂർത്തീകരിക്കാൻ ബാക്കി നിൽക്കുന്ന 7 പ്രവൃത്തികൾ 2016-17 വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| മുന്നിരിപ്പ് | | 0 |
| തൻവർഷവരവ് | EFMS | 94,28,298 |
| | ഭരണച്ചെലവുകൾക്കായുള്ള തുക (AFS പ്രകാരം) | 4,16,873 |
| | ആകെ | 98,45,171 |
| ആകെ വരവ് | | 98,45,171 |
| ചെലവ് | EFMS | 94,28,298 |
| | ഭരണച്ചെലവുകൾക്കായുള്ള തുക (AFS പ്രകാരം) | 4,11,390 |
| | ആകെ | 98,39,688 |
| നീക്കിയിരിപ്പ് | | 5483 |

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.09.2016 | ആഗസ്റ്റ് 2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.11.2009 | 2004-05മുതൽ 2008-09 വരെ | 09.12.2009 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തനത് വരുമാനം വർദ്ധിപ്പിക്കുവാനായി സേവന നികുതി

## ഈടാക്കാവുന്നതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 200(2), 1995 ലെ കേരള പഞ്ചായത്ത് രാജ് സേവന നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിലെ കെട്ടിടങ്ങളുടേയോ വസ്തുക്കളുടേയോ വാർഷിക മൂല്യത്തിന്റെ നിശ്ചിത ശതമാനം സേവന നികുതിയായി ഈടാക്കാവുന്നതാണ്. ശുചിത്വ പരിപാലനത്തിന് ഒരു ശതമാനത്തിലും ജലവിതരണത്തിന് രണ്ട് ശതമാനത്തിലും തെരുവിളക്ക് കത്തിക്കുന്നതിന് രണ്ട് ശതമാനത്തിലും ഡ്രെയിനേജ്, സ്കാവഞ്ചിങ് എന്നിവക്ക് ഒരു ശതമാനത്തിലും അധികമാകാത്ത തുക ഇപ്രകാരം ഈടാക്കാവുന്നതാണ്. എന്നാൽ നാളിതുവരെ ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് സേവന നികുതി ഡിമാന്റ് ചെയ്തിട്ടില്ല. സേവന നികുതി ഈടാക്കുന്നത് വഴി തനത് വരുമാനം വർദ്ധിപ്പിക്കുവാനും അതുവഴി കൂടുതൽ വികസന പ്രവർത്തനങ്ങൾ നടത്തുവാനും സാധിക്കും എന്നതിനാൽ പഞ്ചായത്ത് അധികാരികളുടെ ശ്രദ്ധ ഈ കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് - ഇ-സാക്ഷരത പ്രവർത്തനം - പ്രൊജക്റ്റ് ലക്ഷ്യം കൈവരിച്ചിട്ടില്ല.

പി.എൻ. പണിക്കർ ജനവിജ്ഞാൻ വികാസ് കേന്ദ്രയുടെ സഹായത്തോടെ, തെരഞ്ഞെടുക്കപ്പെട്ട 100 പഞ്ചായത്തുകളിൽ ഇ- സാക്ഷരത നടപ്പാക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച ഈ പ്രൊജക്റ്റിന്റെ ലക്ഷ്യം വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ സാമാന്യജനങ്ങൾക്ക് ഇന്റർനെറ്റ് സുപരിചിതമാക്കുക, ഇ-ഗവർണൻസ് ജനപ്രിയമാക്കുക, അറിവിന്റെ ജനകീയവത്ക്കരണം എന്നിവയായിരുന്നു.

തനത് ഫണ്ടിൽ നിന്ന് 3 ലക്ഷം രൂപ, പി.എൻ പണിക്കർ ജനവിജ്ഞാൻ വികാസ് കേന്ദ്രയുടെ 3 ലക്ഷം രൂപ എന്നിവയുൾപ്പെടെ 6 ലക്ഷം രൂപയായിരുന്നു അടങ്കൽ. ജനവിജ്ഞാൻ വികാസ് കേന്ദ്രയിൽ നിന്ന് ലഭിച്ച 1 ലക്ഷം രൂപയും, തനത് ഫണ്ടിൽ 44,000/- രൂപയും മുടക്കി 18 ടാബ്‌ലെറ്റ് കമ്പ്യൂട്ടറുകൾ വാങ്ങുക മാത്രമാണ് ഈ പ്രൊജക്റ്റിൽ ഇതുവരെ ചെയ്തത്.

തെരഞ്ഞെടുത്ത് പരിശീലനം നല്കിയ18 കോ-ഓർഡിനേറ്റർമാർ 12 പേർ വീതമുള്ള ബാച്ചിന് ദിവസം 1 മണിക്കൂർ വീതം ആകെ 10 മണിക്കൂർ പരിശീലനം നല്കാനും, അങ്ങനെ 10 മാസം കൊണ്ട് പഞ്ചായത്തിലെ 12000 പേർക്ക് ഇ-സാക്ഷരത നല്കാൻ ഉദ്ദേശിച്ചിരുന്ന ഈ പദ്ധതിയിൽ ആകെ മേൽപ്പറഞ്ഞ പ്രകാരം 1,44,000/- രൂപ മാത്രമേ ചെലവുള്ളൂ. ഈ പ്രൊജക്റ്റിന്റെ ഭാഗമായി വാങ്ങിയ 18 ടാബ്‌ലെറ്റുകൾ ഇപ്പോൾ ആരുടെ കൈവശമാണ്, പ്രൊജക്റ്റിന്റെ ഫലപ്രാപ്തി എന്നീ വിവരങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ടാബ്‌ലെറ്റുകൾ കോ-ഓർഡിനേറ്റർമാരിൽ നിന്നും തിരികെ വാങ്ങി പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നതായി പറയുന്നു. 18 ടാബ്‌ലെറ്റുകൾ വാങ്ങി എന്നതൊഴികെ പ്രൊജക്റ്റിൽ വിഭാവനം ചെയ്ത യാതൊരു പ്രവർത്തനങ്ങളും നടന്നിട്ടില്ല. ടാബ് ലെറ്റുകൾ നിഷ്ക്രിയആസ്തിയായി സൂക്ഷിക്കാതെ തുടർ പ്രവർത്തനങ്ങൾ നടത്തേണ്ടതും, പ്രൊജക്റ്റ് പൂർത്തിയാക്കേണ്ടതാണ്.

## 3-2 ചെങ്കൽത്തോട് പുനരുദ്ധാരണം - കൈയ്യേറ്റങ്ങൾ ഒഴിവാക്കാൻ നടപടി വേണം.

ചെങ്ങമനാട് ഗ്രാമപഞ്ചായത്തിലെ ചെങ്കൽത്തോട് പുനരുദ്ധാരണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നാളിതുവരെ തനതുഫണ്ടിൽ നിന്ന് 3 പ്രൊജക്റ്റുകൾക്ക് (S0170/13, S0125/14, S0112/15) ആകെ 2,21,568/- രൂപ ചെലവഴിച്ചിട്ടുണ്ട്. തോട് സർവ്വേ നടത്തി, പുറമ്പോക്കുകളിലെ കയ്യേറ്റങ്ങൾ കണ്ടെത്തി, ഇരുവശത്തെയും അതിർത്തികൾ നിശ്ചയിക്കാനായി താലൂക്ക് സർവ്വേയർമാരുടെ സേവനം പ്രയോജനപ്പെടുത്തി, ഭൂരഹിത – ഭവനരഹിതർക്ക് ഭൂമി നല്കുന്നതിനും, അങ്കണവാടി

കെട്ടിടങ്ങൾക്ക് ഭൂമി കണ്ടെത്തുന്നതിനുമായി വിഭാവനം ചെയ്തതാണ് ഈ പ്രൊജക്ട്. പഞ്ചായത്തിലെ ഒരു പ്രധാന ജലസ്രോതസ്സായ ചെങ്ങൽത്തോടിന്റെ ഇരുവശങ്ങളും ഏക്കറുകളോളം പഞ്ചായത്ത് പുറമ്പോക്ക് ഭൂമിയാണ്. താലൂക്ക് സർവ്വേയർ മുഖേന നടത്തിയ സർവ്വേയിൽ ഏകദേശം 7 ഏക്കർ സ്ഥലം അളന്ന തിട്ടപ്പെടുത്തി അതിർത്തിയിൽ കോൺക്രീറ്റ് പില്ലറുകൾ സ്ഥാപിട്ടിട്ടുണ്ട്. എന്നാലും ഈ സ്ഥലത്ത് വീണ്ടും കൈയ്യേറ്റങ്ങൾ നടക്കുകയും ഈ സ്ഥലത്തെപ്പറ്റി കേസുകൾ നിലനിൽക്കുകയും ചെയ്യുന്നുണ്ട്. കോടിക്കണക്കിന് രൂപ മതിപ്പുവിലയുള്ള സ്ഥലം, കൈയ്യേറ്റങ്ങൾ മൂലം നഷ്ടപ്പെടാതെ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനായി പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 3-3 സി.പി.ഡബ്ലിയു.ഡി. സ്പെസിഫിക്കേഷനില്ലാത്ത പ്രവൃത്തിയിനം.

ചെങ്ങമനാട് ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളിൽ സി.പി.ഡബ്ലീയു.ഡി. സ്പെസിഫിക്കേഷൻ 13.16.1. 6mm cement plaster of mix 1:3 (1 cement : 3 fine sand) എന്ന ഇനത്തിൽ 6mm കനത്തിൽ പ്ലാസ്റ്ററിംഗ് നടത്തുന്നതിന് പകരം 9mm കനം കണക്കാക്കി ഡാറ്റാ തയ്യാറാക്കി ആയതിന്റെ നിരക്കിലാണ് പ്രവൃത്തി ചെയ്തിട്ടുള്ളത്. സി.പി.ഡബ്ലിയു.ഡി. സ്പെസിഫിക്കേഷൻ 13.16.1. 6mm cement plaster of mix 1:3 (1 cement : 3 fine sand) എന്ന ഇനത്തിന്റെ DSR നിരക്കിനോട് കോസ്റ്റ് ഇന്റക്സ് ചേർത്ത നിരക്കും, വിവിധ പ്രവൃത്തികളിൽ ഗ്രാമപഞ്ചായത്ത് ഈ ഇനത്തിന് നൽകിയ നിരക്കും താഴെ ചേർക്കുന്നു.

| 13.16.1. | DSR നിരക്ക് | | ഗ്രാമപഞ്ചായത്ത് നൽകിയ നിരക്ക് | |
|---|---|---|---|---|
| | WithCPOH | withoutCPOH | withCPOH | withoutCPOH |
| 10sqmന് വാട്ടർ ചാർജ്ജ് ഉൾപ്പെടെയുള്ള നിരക്ക് | 1171.36 | 1171.36 | 1333.828 | 1333.828 |
| (+) 15% CPOH | 175.70 | 0 | 200.0742 | 0 |
| 10sqm ന് ആകെ | 1347.06 | 1171.36 | 1533.902 | 1333.828 |
| 1sqm ന് | 134.71 | 117.14 | 153.39 | 133.3828 |
| Say | 134.70 | 117.14 | 153.40 | 133.4 |
| 1sqm ന്കോസ്റ്റ് ഇന്റക്സ് 1.3905 ചേർക്കുമ്പോൾ | 187.30 | 162.88 | 213.30 | 185.4927 |
| Say | 187.30 | 162.80 | 213.30 | 185.50 |

എന്നാൽ സി.പി.ഡബ്ലിയു.ഡി. സ്പെസിഫിക്കേഷനിൽ മാറ്റം വരുത്തി നിരക്ക് കണക്കാക്കേണ്ട സാഹചര്യം എസ്റ്റിമേറ്റ് റിപ്പോർട്ടിലോ ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല. ഇത്തരത്തിൽ അധികനിരക്ക് നൽകിയ പ്രവൃത്തികളുടെ വിശദാംശം താഴെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ പേര് | എസ്റ്റിമേറ്റ് ഇനം നം. / അളവു പുസ്തകം നമ്പർ | കരാറുകാരന്റെ /കൺവീനറുടെ പേര് | നല്കിയ തുക | അനുവദിക്കാവുന്ന തുക | അധികം അനുവദിച്ച തുക | ചെലവ് വിവരം |
|---|---|---|---|---|---|---|
| S0 144/16 മാങ്ങാട്ടുമഠം റോഡ് കാന കോൺക്രീറ്റിംഗ് | ഇനം നം.12 MB 47/15-16 Page.No. 22 | കോൺട്രാക്ടർ ശ്രീ.ഒ.എം നസീർ | 213.30x 83.41എം2= 17,791.35 | 187.30 x 83.41എം2= 15,622.69 | 2169 | ബിൽ നമ്പർ 30/15-16/ 28.2.2016 ഫൈനൽ ബിൽ തുക 2,05,269/- |
| S0 156/16 പാറാത്ത് ഇടവഴി ടൈൽ വിരിക്കൽ – കാന നിർമ്മാണം വാർഡ് 13 | ഇനം നം.10 MB 63/15-16 Page.No. 8 | കോൺട്രാക്ടർ ശ്രീ.എ.ജി. സനിൽ കുമാർ | 213.30x 75.71എം2= 16,148.94 | 187.30x 75.71എം2= 14,180.48 | 1968 | ബിൽ നമ്പർ 109/15-16/ 31.3.2016 ഫൈനൽ ബിൽ തുക 2,84,849/- |

ഇപ്രകാരം സി.പി.ഡബ്ലിയു.ഡി. സ്പെസിഫിക്കേഷനിൽ മാറ്റം വരുത്തി അധികം നിരക്ക് കണക്കാക്കിയതിന്റെ സാഹചര്യം വിശദീകരിക്കുവാനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടിയിൽ സൈറ്റ് കണ്ടീഷന്റെയടിസ്ഥാനത്തിൽ ഒബ്സർവ്ഡ് ഡാറ്റാ തയ്യാറാക്കി അസിസ്റ്റന്റ്എക്സിക്യൂട്ടീവ് എൻജിനീയറുടെ സാങ്കേതികാനുമതി വാങ്ങിയാണ് കാനയുടെ ഉൾഭിത്തിയുടെ കനം 9mm നിരക്കിൽ ചെയ്തത് എന്നാണ് വിശദീകരിച്ചിരിക്കുന്നത്.
എന്നിരുന്നാലും ഈ പ്രവൃത്തിക്ക് സി.പി.ഡബ്ലിയു.ഡി. അംഗീകരിച്ച ഡാറ്റാ നിലവിലുള്ളപ്പോൾ പ്രസ്തുത സ്പെസിഫിക്കേഷനിൽ മാറ്റം വരുത്തി പ്രാദേശികമായി തയ്യാറാക്കിയ ഒരു ഡാറ്റയുടെ അടിസ്ഥാനത്തിൽ ചെയ്തത് വഴി അധിക തുകയാണ് കരാറുകാർക്ക് നൽകേണ്ടി വന്നിട്ടുള്ളത്. അധിക ചെലവ് വരുത്തുന്ന ഇത്തരം നടപടികൾ ഒഴിവാക്കേണ്ടതാണ്.

## 3-4 മെഡിക്കൽ ഉപകരണങ്ങളുടെ വാങ്ങൽ - അപാകതകൾ - ചെലവ് തടസ്സപ്പെടുത്തുന്നു

ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് സി.എച്ച്.സി. -ലേക്ക് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി 15.09.2015-ൽ കേരളമെഡിക്കൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന് 87,343/- രൂപ (വൗച്ചർ.നം. 23/31.07.15) നല്കുകയുണ്ടായി. എന്നാൽ ചില ഇനങ്ങൾക്ക് പ്രൊഫോർമ ഇൻവോയ്സിൽ കാണിച്ചിരിക്കുന്നതിലും അധികം തുക വില വന്നതിനാൽ ഓർഡർ ചെയ്ത എണ്ണത്തിലും കുറവായാണ് താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരം വിതരണം ചെയ്തത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ | തുക |
|---|---|
| 2109/23.10.15 | 43,493 |
| 2540/18.11.15 | 2,295 |
| 2992/8.12.15 | 1,530 |
| 3146/15.12.15 | 35,088 |
| 4421/17.2.16 | 740 |
| ആകെ | 83,146 |

ലഭിക്കാത്ത ഉപകരണങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഉപകരണങ്ങൾ | പ്രൊഫോർമ ഇൻവോയ്സ് | വിതരണം ചെയ്ത | കുറവ് |
|---|---|---|---|

| | പ്രകാരം ആവശ്യപ്പെട്ടത് | എണ്ണം | |
|---|---|---|---|
| Wheel Chair with Commode | 5 @ 6000/unit | 4@6600/unit | 1 |
| Foly Catheter | 100 @ 45/unit | 60 @50/unit | 40 |
| Water For Injection | 500 @ 2.5/unit | 290@2.5unit | 210 |

മേൽപ്പറഞ്ഞപ്രകാരം ആകെ നല്കിയ 87,843/- രൂപയിൽ 83,146/-രൂപ കിഴിച്ച് 4697/- രൂപ കെ.എം.എസ്.സി.എൽ-ൽ ബാക്കിനില്ക്കുന്നു. ഇതു കൂടാതെ വീണ്ടും സി.എച്ച്.സി.യിലേക്ക് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി കേരളമെഡിക്കൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന് വൗച്ചർ നം. 2/23.3.16 പ്രകാരം 43,202/- രൂപയും കെ.എം.എസ്.സി.എൽ-ന് നല്കിയിട്ടുണ്ട്. ഈ പ്രച്ചേയ്സിലും 28.05.2016-ലെ ഇൻവോയ്സ് 1065 പ്രകാരം 29560/- രൂപയുള്ള ഉപകരണങ്ങൾ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ഓർഡർ ചെയ്തിട്ടും വിതരണം ചെയ്യാത്ത ഉപകരണങ്ങളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ഉപകരണങ്ങൾ | പ്രെഫോർമ ഇൻവോയ്സ് പ്രകാരം ആവശ്യപ്പെട്ടത് | വിതരണം ചെയ്ത എണ്ണം |
|---|---|---|
| Water Bed | 10 @ 910/unit | 0 |
| Foly Catheter | 50 @ 50/unit | 0 |
| Evac Enema | 50 @ 35/unit | 0 |

ഇവിടെയും ആകെ നല്കിയ ,43,202/- രൂപയിൽ 29560/- രൂപ കിഴിച്ച് 13642/- രൂപ കെ.എം.എസ്.സി.എൽ-ൽ ബാക്കിനില്ക്കുന്നു. തുക നല്കിയിട്ടും വിതരണം ചെയ്യാത്ത ഉപകരണങ്ങൾ വിതരണം ചെയ്യാത്തതിനാൽ മേൽപ്പറഞ്ഞ രണ്ട് പർച്ചേയ്സിലും കെ.എം.എസ്.സി.എൽ-ൽ അധികം നില്ക്കുന്ന 18,339/- രൂപ തടസ്സപ്പെടുത്തുന്നു. ലഭ്യമാകാത്ത ഉപകരണങ്ങൾ ലഭ്യമാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

# 3-5 ഹോമിയോ മരുന്ന് ലഭ്യമാക്കിയിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു.

ചെങ്ങമനാട് ഗ്രാമ പഞ്ചായത്തിന്റെ കീഴിലുള്ള എൻ.എച്ച്.എം. ഹോമിയോ ഡിസ്പൻസറിയിലേക്ക് ആലപ്പുഴ HOMCO യിൽ നിന്നും മരുന്നു വാങ്ങുന്നതിനായി ഡി.ഡി.നം. 445537/22.02.2016 പ്രകാരം ഒരു ലക്ഷം രൂപ അടച്ചിട്ടുണ്ട്.എന്നാൽ നാളിതുവരെ മരുന്ന് ലഭിച്ചിട്ടില്ല.മരുന്നു ലഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. ആവശ്യപ്പെട്ടതുപ്രകാരമുള്ള മരുന്ന് ലഭിക്കുന്നതുവരേക്ക് HOMCO യിൽ അടച്ച 1,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

# 3-6 വി.ഇ.ഒ മാർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

പഞ്ചായത്തിലെ രണ്ട് വി.ഇ.ഒ മാർക്ക് നിർവ്വഹണത്തിനായി എട്ട് പദ്ധതികളുണ്ടായിരുന്നു (അടങ്കൽ 6415000/-). IAY വിഹിതം അടയ്ക്കുന്നതുൾപ്പെടെ 6 പദ്ധതികളെ നടപ്പാക്കിയിട്ടുള്ളൂ. അടങ്കലിന്റെ 20% ശതമാനം മാത്രമാണ് ചെലവഴിച്ചത്. പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 8% പട്ടികജാതിക്കാരാണെന്നിരിക്കെ SCP ഫണ്ട് വിനിയോഗത്തിലുള്ള കുറവിന്റെ കാരണം ഭരണസമിതി വിലയിരുത്തേണ്ടതും, ഭാവിയിലെ പദ്ധതി നിർവ്വഹണം ഊർജ്ജിതമാക്കുവാൻ ശ്രമിക്കേണ്ടതുമാണ്.

അതുപോലെ ആശ്രയ എന്ന പേര് സൂചിപ്പിക്കുന്നതു പോലെ സമൂഹത്തിന്റെ പിന്തുണ ഏറ്റവും ആവശ്യമായ ജനവിഭാഗം ഗുണഭോക്താക്കളായുള്ള ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ഭവന പദ്ധതി നടപ്പാക്കിയിട്ടില്ല. 2015-18 ആശ്രയ മാസ്റ്റർ പ്ലാൻ പ്രകാരം 86 ഗുണഭോക്താക്കൾ ഉണ്ട്. മറ്റ് പദ്ധതികളിലും ആശ്രയ ഗുണഭോക്താക്കൾക്ക് മുൻഗണന നൽകിയതായി കാണുന്നില്ല.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് എറണാകുളം | 2015-16 | 1,45,407 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വർക്കുള്ള പഠനസഹായം | ഇല്ല | 1,45,407 |
| പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 1,75,000 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വർക്കുള്ള പഠനസഹായം | 1,75,000 | ഇല്ല |

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പഠനസഹായം (പ്രൊ.നം.എസ് 002/16) എന്ന പ്രൊജക്ടിന്റെ നടത്തിപ്പിനായി ബ്ലോക്ക് – ജില്ലാ പഞ്ചായത്തുകൾ നല്കിയ വിഹിതത്തിൽ പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് നല്കിയ 1,75,000/- രൂപ 2015-16 വർഷം തന്നെ ചെലവായി. എന്നാൽ ഈ പ്രൊജക്ടിനുവേണ്ടി ജില്ലാ പഞ്ചായത്ത് വിഹിതം 31.03.2016 നാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ടി തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നത്. ടി തുക പ്രസ്തുത പ്രൊജക്ടിനുവേണ്ടിതന്നെ ചെലവാക്കുകയോ, അല്ലാത്തപക്ഷം ജില്ലാപഞ്ചായത്തിന് തിരിച്ച് നല്കുകയോ ചെയ്യേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല. എന്നാൽ 2011-12 വർഷം കേരള വാട്ടർ അതോറിട്ടിയിൽ 32,77,649/- രൂപ നിക്ഷേപിച്ചിട്ടുണ്ട്. (വിശദാംശങ്ങൾ 2012-13 ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്). എന്നാൽ നാളിതുവരെ ടി തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,46,000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 1,46,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,46,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|

| | |
|---|---|
| വിദ്യാഭ്യാസ സ്കോളർഷിപ്പ് (13635/07.05.2007) | 46,000 |
| വിദ്യാഭ്യാസ സ്കോളർഷിപ്പ് (38332/30.03.2015) | 1,00,000 |
| ആകെ | 1,46,000 |

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5,87,600/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2013-14 | 2-1 | 250 | ജോൺ ജോസഫ് , GKY LP School | 11501101215/25.6.15 |
| 2013-14 &2014-15 | | 1390 | വിതയത്തിൽ പ്രിന്റേഴ്സ് അത്താണി | 11501101219/26.6.15 |
| 2013-14 &2014-15 | 2-1 | 795 | എവറസ്റ്റ് ഏജൻസീസ് | 11501101220/26.6.15, 11501101221/26.6.15 |
| 2013-14 &2014-15 | | 506 | ടി.വി ബഹന്നാൻ | 11501101224/26.6.15 |
| 2013-14 &2014-15 | | 569 | പ്രിന്റെക്ക് കമ്മ്യൂണിക്കേഷൻ | 11501101231/27.6.15 |
| 2013-14 | | 150 | അംബിക, അഗ്രികൾച്ചർ ഓഫീസർ കേരള സ്റ്റേറ്റ് സീഡ് ഫാം, ആലുവ | 11501101261/29.6.15 |
| 2014-15 | | 30 | സരോജിനി, കേരള സ്റ്റേറ്റ് സീഡ് ഫാം, ആലുവ | 11501101262/29.6.15 |
| 2013-14 &2014-15 | | 1,00,000 | ജോസഫ് ലൂക്കോസ്, മാനേജിംഗ് പാർട്ടണർ,അലിയൻസ് റിയൽട്ടേഴ്സ് | 11501500001/03.7.15 |
| 2013-14 &2014-15 | | 3,00,000 | ----------ടി------------- | 11501500008/03.9.15 11501500024/29.9.15 |
| 2013-14 &2014-15 | | 83,910 | ----------ടി------------- | 11501500029/30.12.15 |
| 2013-14 &2014-15 | | 100,000 | ----------ടി------------- | 11501500038/23.2.16 11501500071/30.3.1 |
| | | 5,87,600 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,47,80,589 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,59,11,921 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,18,339 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 18,339 | ഡോ.പി.ടി.എലിസബേത്ത്<br>മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)ചെങ്ങമനാട് |
| 3-5 | 1,00,000 | ഡോ.എ.ജി ലത<br>മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| ആകെ | 1,18,339 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.പി.റ്റി.എലിസബേത്ത്<br>മെഡിക്കൽ ഓഫീസർ<br>(സി.എച്ച്.സി)<br>ചെങ്ങമനാട് | മെഡിക്കൽ ഓഫീസർ<br>(സി.എച്ച്.സി)<br>ചെങ്ങമനാട് | ശാലീനം<br>കോൺവെന്റ് റോഡ്<br>അങ്കമാലി |
| ഡോ.എ.ജി ലത, ചീഫ് മെഡിക്കൽ ഓഫീസർ (ഹോമിയോ), ജി.എച്ച്.ഡി, നെടുമ്പാശ്ശേരി | ചീഫ് മെഡിക്കൽ ഓഫീസർ (ഹോമിയോ) ജി.എച്ച്.ഡി, നെടുമ്പാശ്ശേരി | ചിറക്കുളം (H)<br>ബീരാക്കുട്ടി റോഡ്,<br>കുനംതൈ, ഇടപ്പള്ളി,<br>കൊച്ചി- 682024 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1980-81 | എൽ.എഫ്.ഇ(പി.1) 697/94 /01.07.1994 | 9 |
| 1981-82 | എൽ.എഫ്.ഇ(പി.1) 697/94 /01.07.1994 | 12 |
| 1982-83 | എൽ.എഫ്.ഇ(പി.1) 697/94 /01.07.1994 | 9 |
| 1983-84 | എൽ.എഫ്.ഇ(പി.1) 697/94 /01.07.1994 | 13 |
| 1984-85 | എൽ.എഫ്.ഇ(പി.1) 697/94 /01.07.1994 | 8 |
| 1985-86 | എൽ.എഫ്.ഇ(പി.1) 697/94 /01.07.1994 | 10 |
| 1986-87 | എൽ.എഫ്.ഇ(പി.1) 697/94 /01.07.1994 | 8 |
| 1987-88 | എൽ.എഫ്.ഇ(പി.1) 697/94 /01.07.1994 | 8 |
| 1988-89 | എൽ.എഫ്.ഇ(പി.1) 697/94 /01.07.1994 | 3 |
| 1989-90 | എൽ.എഫ്.ഇ(പി.1) 697/94 /01.07.1994 | 7 |
| 1990-91 | എൽ.എഫ്.ഇ(പി.1)1048/94 /09.02.1995 | 12 |
| 1992-93 | എൽ.എഫ്.ഇ(പി.1)157/94/15.04.1998 | |
| 1997-98 | എൽ.എഫ്.ഇ(പി.3) 997/02/ 07.02.2003/06.05.2003 | |
| 2002-03 | എൽ.എഫ്.ഇ(പി.3) 1472/07/ 28.07.2008/09.12.2008 | |
| 2003-04 | എൽ.എഫ്.ഇ (പി.3) 940/10/ 18.08.2011/17.10.2011 | |
| 2004-05 | എൽ.എഫ്.ഇ (പി.3) 941/10/ 18.08.2011/17.10.2011 | |
| 2005-06 | എൽ.എഫ്.ഇ (പി.3) 942/10/ 18.08.2011/17.10.2011 | |
| 2006-07 | എൽ.എഫ്.ഇ (പി.3) 1679/08/ 17.07.2008/06.06.2009 | |
| 2007-08 | എൽ.എഫ്.ഇ (പി.3) 1946/08/ 14.09.2009/04.12.2009 | |
| 2008-09 2009-10 | എൽ.എഫ്.ഇ (പി.3) 942/10/ 14.09.2012/12.12.2012 | |

| | | |
|---|---|---|
| 2010-11 | | |
| 2011-12 &2012-13 | എൽ.എഫ്.ഇ (പി.3) 162/14 10.03.2014 | |
| 2013-14& 2014-15 | എൽ.എഫ്.ഇ (പി.3) 1117/15 17.07.2015 | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# അനുബന്ധം - 1

# ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2015-16

നം.കെ.എസ്.എ.-ഇകെഎം(പി.11)1913/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in

തീയതി : 07.12.2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

# APPENDIX – I

# AUDIT CERTIFICATE – 2015-16

No.KSA-EKM(P.11)1913/2016

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 07.12.2016

Certified that I have audited the Annual Financial Statement of CHENGAMANADU Grama Panchayat in Ernakulam District for the Financial Year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of CHENGAMANADU Grama Panchayat for the Financial Year 2015-16 except the observations in my audit report properly presents the picture of income and expenditure.

.

Deputy Director (H.G.)